**മറ്റുകാര്യങ്ങൾ**

- വിരയിളക്കൽ പ്രായമനുസരിച്ച് ചെയ്യുന്നു.
- ജനിച്ചയുടനെയുള്ള ആട്ടിൻ കുട്ടികളുടെ പരിചരണം (പൊക്കിൾകൊടി കെട്ടുക, കന്നിപ്പാൽ നൽകുക, അമ്മയാടിനെ വൃത്തിയാക്കുക എന്നിവ) വിരയുടെ മരുന്ന് തൂക്കമനുസരിച്ച് കൊടുക്കുന്നു. ആട്ടിൻ കുട്ടികളുടെ തൂക്കവും, നീളം, പൊക്കം നെഞ്ചളവ് എന്നിവ റെക്കോഡ് ചെയ്യുന്നു.
- കൃത്യമായ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുന്നു.
- പേൻ, പട്ടുണ്ണി എന്നിവയ്ക്കെതിരെയുള്ള ചികിത്സാക്രമങ്ങൾ അതാത് സമയങ്ങളിൽ നടത്തുന്നു.
- ഓരോ മാസവും ആടുവളർത്തലിനെ കുറിച്ച് കർഷകർക്ക് ക്ലാസ്സുകൾ എടുക്കുന്നു.
- ആട്ടിൻ കാഷ്ഠത്തിൻെറ വിൽപ്പന, ആട്ടിൻ കുട്ടികളുടെ ബുക്കിംങ്ങ് സ്വീകരിക്കുന്നു.
- സർവ്വകലാശാല വിദ്യാർത്ഥികൾക്ക് പ്രാക്റ്റിക്കൽ ക്ലാസ്സുകൾ നടത്തപ്പെടുന്നു






**തയ്യാറാക്കിയത്**

***ഡോ. ബിമൽ. പി. ബഷീർ, ഡോ. തിരുപ്പതി വെങ്കിടാചലപതി,***
***ഡോ.*** ജമുന വത്സലൻ, ***ഡോ.*** ഉപാസന രത്നാകരൻ,
***ഡോ.*** സുനിത തോമസ്



പ്രസിദ്ധീകരണം

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്

**യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം മണ്ണുത്തി 680 651**

Email: goatandsheepf@kvasu.ac.in


# കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

# ആടുഫാമിലെ ദൈനംദിനചര്യകൾ



## എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി)


***സെന്റർ ഫോർ ആൻഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനട്ടിക്സ് ആൻഡ് ബ്രീഡിങ്ങ്,*** **കോളേജ് ഓഫ് വെററററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി, ത്രിശ്ശൂർ, കേരളം 680 651**

# ആടുഫാമിലെ ദൈനംദിനചര്യകൾ

രാവിലെ 8.00 മണിക്ക് ഫാംസൂപ്പർവൈസർ തൊഴിലാളികളുടെ ഹാജർ എടുക്കുകയും, തൊഴിലാളികൾ തങ്ങൾക്ക് നിർദേശിക്കപെട്ടിട്ടുള്ള ഷെഡുകളിലേക്ക് പോകുകയും ചെയ്യുന്നു. പിന്നീട് ആട്ടിൻ കൂടുകളും, പുൽത്തൊട്ടിയും അടിച്ചുവൃത്തിയാക്കുന്നു. ശേഷം പരുഷാഹാരം തീറ്റത്തൊട്ടിയിൽ ഇടുന്നു. ആടുകളെ നിർദ്ധിഷ്ഠകെണികളിൽ ഇടുന്നു. ഇതോടൊപ്പം തന്നെ പാൽ കറക്കാനും തുടങ്ങുന്നു. പാൽ കറന്നു കഴിഞ്ഞവയെ കെണികളിൽ നിന്നും അഴിച്ചുവിടാം. മുട്ടനാടുകളെ അഴിച്ചുവിടാറില്ല. ഇത് അന്തർപ്രജനനം ഒഴിവാക്കുന്നു.

കറന്നെടുത്ത പാൽ 9.45 മുതൽ കൂപ്പൺ മുഖാന്തരം ആളുകൾക്ക് കൊടുക്കുന്നു (1കൂപ്പൺ – 1/2 ലിറ്റർ – 40 രൂപ). കൂപ്പണുകൾ വിൽക്കുന്നത് തിങ്കളാഴ്ച്ചയും, വ്യാഴായ്ച്ചയുമാണ്. ഇതോടൊപ്പം തന്നെ ഫാം-ഇൻ-ചാർജ് ഡോക്ടർ വന്ന് ശാരീരികാസ്വസ്ഥമുള്ളവയെ പരിശോധിക്കുകയും, മരുന്നുകൾ കൊടുക്കുകയും ചെയ്യുന്നു. തീരെ സുഖമില്ലാത്തവയെ മേയാൻ വിടുകയില്ല. മൂന്നു മാസം വരെയുള്ള കാലഘട്ടത്തിൽ ആട്ടിൻ കുട്ടികളെയും മേയാൻ വിടുകയില്ല. അവയ്ക്ക് വേണ്ട പച്ചിലകളും, കഞ്ഞിവെള്ളവും, കിഡ് സ്റ്റാർട്ടറും എല്ലാം ഫാമിൽ വച്ചുതന്നെ നൽകുന്നു. ഏതാണ്ട് 10 മണിയാകുമ്പോൾ ആടുകളെ മേയാൻ വിടുന്നു. സാധാരണഗതിയിൽ 3 പേരാണ് ആടുമേയ്ക്കാനായി പോകുന്നത്. ഇനിയുള്ള സമയത്താണ് ആട്ടിൻ കൂടുകൾ വെള്ളമുപയോഗിച്ച് കഴുകി വൃത്തിയാക്കി, കൂട്ടിനടിയിലെ കാഷ്ടവും, അഴുക്കുമെല്ലാം കഴുകി വെടുപ്പാക്കുന്നത്. മാസത്തിൽ രണ്ടു തവണയെങ്കിലും ബ്ലീച്ചിംഗ് പൗഡർ ഇടുകയും ചെയ്യും.

രോദിവസത്തെയും പാലുദ്പ്പാദനവും, ആടുകളുടെ ജനനവും മരണവും എല്ലാം ഫാം സൂപ്പർവൈസർ ഡെയ്‌ലിഡയരിയിൽ റെക്കോഡ് ചെയ്യുന്നു. മരണപ്പെടുന്ന ആടുകളെ പോസ്റ്റ്മോർട്ടത്തിനായി അയക്കുന്നു. കൂടുകൾ കഴുകി വൃത്തിയാക്കുന്ന സമയത്ത് മുട്ടന്മാരെ കൂടിൻെറ പുറത്ത് കെട്ടിയിടുന്നു. ആട്ടിൻ കുട്ടികളുടെ കൂടുകൾ ആഴ്ച്ചയിൽ ഒരിക്കൽ ബ്ലീച്ചിംഗ് പൗഡർ ഇട്ട് കഴുകി വൃത്തിയാക്കുന്നു. ഉച്ചയ്ക്ക് രണ്ടുമണിയോടുകൂടി മേയാൻ പോയ ആടുകൾ തിരിച്ചെത്തി തങ്ങളുടെ കൂടുകളിൽ കയറുന്നു. തൊഴിലാളികൾ ആടിൻെറ എണ്ണം എടുക്കുന്നതിനോടൊപ്പം തന്നെ ഫാം സൂപ്പർവൈസർ കൂട്ടിൽ വന്ന് എണ്ണം തിട്ടപ്പെടുത്തുന്നു. പിന്നീട് കുറച്ച് തീറ്റപ്പുല്ല് തീറ്റതൊട്ടിയിൽ ഇട്ടുകൊടുക്കുന്നു. ആടുകളുടെ എണ്ണം കൃത്യമായാതിനു ശേഷം മാത്രമേ മേയ്ക്കാൻ പോയ തൊഴിലാളികൾ പോകുകയുള്ളു. അഞ്ചുമണിയോടെ ബാക്കി തൊഴിലാളികളും മടങ്ങുന്നു. അപ്പോഴേയ്ക്കും ഫാം സെക്യൂരിറ്റി വന്നിരിക്കും. കുറച്ച് തീറ്റപ്പുല്ല് തീറ്റതൊട്ടിയിൽ ഇട്ടുകൊടുക്കുന്നു. ആടുകളുടെ എണ്ണം കൃത്യമായതിനു ശേഷം മാത്രമേ മേയാൻ പോയ തൊഴിലാളികൾ പോകുകയുള്ളു. അഞ്ചുമണിയോടെ ബാക്കി തൊഴിലാളികളും മടങ്ങുന്നു. അപ്പോഴേയ്ക്കും ഫാം സെക്യൂരിറ്റി വന്നിരിക്കും.



